# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം
### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 250 23.01.2018 ൽ മറുപടിയ്ക്ക്

**<u>വ്യാജ മേൽവിലാസത്തിൽ വാഹനരജിസ്ട്രേഷൻ</u>**

| ചോദ്യം<br>ശ്രീ.എൻ. ഷംസുദ്ദീൻ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | വ്യാജ മേൽവിലാസത്തിൽ പുതുച്ചേരിയിൽ വാഹനങ്ങൾ രജിസ്റ്റർ ചെയ്ത് നികുതിവെട്ടിപ്പ് നടത്തിയ വ്യക്തികളുടെ വിവരങ്ങൾ മോട്ടോർവാഹന വകുപ്പ് ശേഖരിച്ചിട്ടുണ്ടോ; ഇവരുടെ വിശദമായ വിവരങ്ങൾ നൽകുമോ; | (എ) | പോണ്ടിച്ചേരിയിൽ രജിസ്റ്റർ ചെയ്ത് ടാക്സ് തട്ടിപ്പ് നടത്തിയതുമായി ബന്ധപ്പെട്ട് ഇതു വരെ നടത്തിയ പരിശോധനയിൽ 2357 വാഹനങ്ങളുടെ ഒരു ലിസ്റ്റ് മോട്ടോർ വാഹന വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. കേരളത്തിൽ സ്ഥിര/താൽക്കാലിക മേൽവിലാസത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവയോ, കേരളത്തിൽ നിന്നും വാഹന വായ്പ കരസ്ഥമാക്കിയിട്ടുള്ളതോ, കേരളത്തിലെ വാഹന വില്പനക്കാരിൽ നിന്നും വാങ്ങിയിട്ടുള്ളതോ ആയ വാഹനങ്ങൾ ഉൾക്കൊള്ളിച്ചാണ് പട്ടിക തയ്യാർ ചെയ്തത്. |
| (ബി) | വ്യാജ വാഹനരജിസ്ട്രേഷൻ കാരണം സംസ്ഥാന ഖജനാവിന് നികുതി ഇനത്തിൽ എത്ര കോടി രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട് എന്നതിന്റെ കണക്ക് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | കൃത്യമായി തിട്ടപ്പെടുത്തിയിട്ടില്ല. വാഹന ഉടമകൾക്ക് നോട്ടീസ് അയച്ച് ക്ലിപ്തപ്പെടുത്തിയ ശേഷമേ കൃത്യമായ കണക്കുകൾ ലഭ്യമാകൂ. നിലവിൽ 88 വാഹന ഉടമകളിൽ നിന്ന് 8,88,58,787/- രൂപ ടാക്സ് ഇനത്തിൽ ഈടാക്കിയിട്ടുണ്ട്. |
| (സി) | ഇങ്ങനെ രജിസ്ററർ ചെയ്ത വാഹന ഉടമകൾക്കെതിരെയും ഇടനിലക്കാരായി നിന്നവർക്കെതിരെയും എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | ഇവർക്കെതിരെ നോട്ടീസ് അയച്ചുവരുന്നു. ഇതു വരെ 877 വാഹന ഉടമകൾക്ക് നോട്ടീസ് അയച്ചിട്ടുണ്ട്. നോട്ടീസ് ലഭിച്ചിട്ടും പ്രതികരിക്കാത്തവരുടെയും വ്യാജ രേഖ ചമച്ചു എന്നു സംശയം ഉള്ളവരുടെയും വിവരങ്ങൾ തുടർ അന്വേഷണങ്ങൾക്കായി ദക്ഷിണമേഖലാ ക്രൈം ബ്രാഞ്ച് ഐ.ജി.യ്ക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ ഇവരോട് കേരളത്തിൽ നിശ്ചയിച്ചിരിക്കുന്ന ടാക്സ് ഒടുക്കി വാഹനം കേരളത്തിൽ രജിസ്റ്റർ ചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. അല്ലാത്ത പക്ഷം ഇവർക്കെതിരെ റവന്യൂ റിക്കവറി, കേരള വാഹന നികുതി നിയമ ചട്ടം 11 അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ